**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **07-07-2022 - ൽ മറുപടിയ്ക്ക്**

**മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും നടത്തി വരുന്നു.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 ; സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് ; വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമം ആക്കുന്നതിനായി കെ-സിസ് സംവിധാനം; കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിലെ 2021 ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം എന്നിവ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇലക്ട്രോണിക്സ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്ക് വകുപ്പ് വഴി പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ലായെങ്കിലും ജില്ലാ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നടത്തുന്ന ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം മുതലായ പ്രോത്സാഹന പരിപാടികൾ ഇലക്ട്രോണിക്സ് സെക്ടറിൽപ്പെട്ട സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തി വരുന്നുണ്ട്.<br><br>ഇതിനു പുറമേ സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ ഫേസ് IV ക്യാമ്പസ്സായ ടെക്നോസിറ്റിയിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാനത്ത് ഐ.ടി/ഐ.ടി.ഇ.എസ് ഡാറ്റാ പ്രോസസിംഗ് ക്യാമ്പസ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (സി) | കേരളത്തിൽ നിലവിലുള്ള വ്യവസായ സാഹചര്യത്തിൽ ഉത്പാദനമേഖലയിലും ഭക്ഷ്യസംസ്കരണ മേഖലയിലും നിരവധി സംരംഭങ്ങൾ ഉയർന്ന് വരുന്നുണ്ട്. ഇവയുടെ പ്രോൽസാഹനത്തിനായി സംരംഭ സഹായപദ്ധതി ഉൾപ്പടെയുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളിൽ ഇത് മുൻഗണന വിഭാഗമായി കണക്കാക്കിയിട്ടുണ്ട്. സൂക്ഷ്മവിഭാഗത്തിൽ പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രാധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രൊ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിരമൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്. ഇതിന് പുറമേ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട് ഭക്ഷ്യ സംസ്കരണ ഉല്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ് പ്രോ എക്സിബിഷൻ നടത്തിവരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന MSME എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിക്കുന്ന പക്ഷം അനുയോജ്യമാണെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ